<u>**15 -ാം കേരള നിയമസഭ**</u>

<u>**6 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 424**</u> <u>**24-08-2022 - ൽ മറുപടിയ്ക്ക്**</u>

<u>**അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥർക്ക് വേണ്ടി പെൻഷൻ സ്കീം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥർക്ക് വേണ്ടി റിട്ടയേർമെന്റിന് ശേഷമുള്ള സങ്കല്പ് എന്ന പെൻഷൻ സ്കീം സംസ്ഥാനത്ത് നടപ്പിലാ ക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | പെൻഷൻകാർക്ക് സമൂഹത്തിൽ ഉപയോഗപ്രദമായ ഇടപെടലുകൾക്കുള്ള അവസരങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച ഒരു പ്ലാറ്റ്ഫോം ആണ് 'സങ്കൽപ്' (SANKALP) (https://pensionersportal.gov.in/SANKALP/Index.asx). ആയത് ഒരു പെൻഷൻ സ്കീം അല്ല. ഇത് കേന്ദ്രസർക്കാരിന്റെ പെൻഷനും പെൻഷൻകാരുടെ ക്ഷേമവും എന്ന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്നു. പെൻഷൻകാർക്കും പെൻഷനേഴ്സ് അസോസിയേഷനുകൾക്കും സർക്കാരിതര സംഘടനകൾക്കും 'സങ്കൽപ്' പ്ലാറ്റ്ഫോമിൽ വിവിധ പദ്ധതികളിൽ സന്നദ്ധപ്രവർത്തനം നടത്തുന്നതിനായി രജിസ്റ്റർ ചെയ്യാം. ലഭ്യമായ സന്നദ്ധ പെൻഷൻകാരുടെ കൂട്ടത്തിൽ നിന്നും അനുയോജ്യമായ വൈദഗ്ധ്യവും പരിചയസമ്പത്തുമുള്ള പെൻഷൻകാരെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് തെരഞ്ഞെടുക്കാൻ സൗകര്യമൊരുക്കുന്നു. കേന്ദ്ര സർക്കാർ സിവിൽ പെൻഷൻകാർ, ഡിഫൻസ് സിവിലിയൻമാർക്കും ഡിഫൻസ് റിട്ടയേർസിനും സങ്കൽപിന് കീഴിൽ രജിസ്ട്രേഷന് അർഹതയുണ്ട്. നിലവിൽ കേരളത്തിൽ നിന്നും 60 പെൻഷൻകാരും 2 അസോസിയേഷനും പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നുള്ള വിവരം പ്രസ്തുത വെബ്സൈറ്റിൽ നിന്നും അറിയാൻ കഴിഞ്ഞു. ഈ പ്ലാറ്റ്ഫോം പൂർണ്ണമായും ഒരു കേന്ദ്ര സ്കീം ആയതിനാൽ അതിൽ പെൻഷൻകാരെ രജിസ്റ്റർ ചെയ്യിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുന്നതല്ല. കൂടാതെ, ഈ ആവശ്യത്തിനായി സംസ്ഥാന സർക്കാർ നോഡൽ ഓഫീസറെ നിയമിച്ചിട്ടില്ലാത്തതുമാണ്.<br><br>സമാന വിഷയത്തിൽ നാലാം സംസ്ഥാന ഭരണ പരിഷ്കാരകമ്മീഷന്റെ നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 7.2(i) ൽ ചുവടെ പറയും വിധം ശുപാർശയുണ്ടായിരുന്നു. |

| | | | |
|---|---|---|---|
| | | | “അനുഭവപരിചയമുള്ളവർ സമൂഹത്തിന്റെ മുതൽക്കൂട്ടാണ്. കേരളത്തിലെ ശരാശരി ആയുർദൈർഘ്യം 74.9 വർഷമാണ്. മിക്ക സർക്കാർ ജീവനക്കാരും 56 വയസ്സിൽ സർവീസിൽ നിന്ന് വിരമിക്കുന്നു, ഇത് ഇന്ത്യയിലെവിടെയും ജീവനക്കാർക്ക് ഏറ്റവും കുറഞ്ഞ പ്രായമാണ്. 56 വയസ്സിൽ, വിരമിച്ചവർക്ക് ഇപ്പോഴും പൊതു സേവനത്തിൽ വളരെ സജീവമായ പങ്കു വഹിക്കാനുള്ള കഴിവും അനുഭവവുമുണ്ട്. സർക്കാർ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നതിൽ തങ്ങളുടെ വൈദഗ്ധ്യം സംഭാവന ചെയ്യാൻ താൽപ്പര്യമുള്ള വിരമിച്ച ജീവനക്കാരെ പ്രോത്സാഹിപ്പിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഇതിനായി വിരമിച്ച ജീവനക്കാരുടെ ഒരു 'pool' രൂപീകരിക്കാം. അവർക്ക് ഓണറേറിയം നൽകും."<br><br>ടി ശുപാർശ പരിശോധിച്ച് ധനകാര്യ വകുപ്പ് ചുവടെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തിയിരുന്നു.<br><br>കേരള സർക്കാരിന്റെ പെൻഷന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനമായ പ്രിസം (PRISM) സോഫ്റ്റ് വെയറിൽ വിരമിക്കുന്ന ഓരോ ജീവനക്കാരന്റെയും അടിസ്ഥാന വിവരം ഉള്ളതിനാൽ, ആയതിൽ ഒരു ഷെഡ്യൂൾ കൂടി ഉൾപ്പെടുത്തിയാൽ താൽപ്പര്യമുള്ള വിരമിക്കുന്ന ജീവനക്കാരന് തന്റെ അനുഭവവും വൈദഗ്ധ്യവും അവരുടെ കരിയറിലെ നാഴികക്കല്ലുകളും രേഖപ്പെടുത്തി നൽകാൻ കഴിയും. നിലവിൽ വിരമിച്ച ജീവനക്കാർക്ക് മേൽ വിവരങ്ങൾ പ്രസ്തുത ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിന് ഓൺലൈനായി സൗകര്യങ്ങൾ നൽകണം. ഈ ഷെഡ്യൂളുകൾ സംയോജിപ്പിച്ച് ഒരു ഡാറ്റാബേസ് സൃഷ്ടിച്ചാൽ, അത് അടിയന്തര ഘട്ടങ്ങളിൽ ഉപയോഗിക്കാവുന്ന ഉദ്യോഗസ്ഥരുടെ പൂളായി പ്രവർത്തിക്കും. കൂടാതെ, ഏതെങ്കിലും പെൻഷൻകാരനെ ഏതെങ്കിലും സ്കീമിലോ പ്രോജക്റ്റിലോ ടിയാളുടെ വൈദഗ്ധ്യമോ അനുഭവസമ്പത്തോ ആവശ്യമുള്ളപക്ഷം ടിയാനെ ദിവസ വേതനത്തിലോ കരാർ അടിസ്ഥാനത്തിലോ പുനർനിയമന വേതനത്തിലോ നിയമിക്കുന്നതിന് സർക്കാറിന് ഈ ഡാറ്റാബേസും പരിഗണിക്കാവുന്നതാണ്.<br><br>പ്രസ്തുത വിഷയം ഇപ്പോൾ ഉദ്യോഗസ്ഥ ഭരണപരിഷ്കാര കമ്മീഷന്റെ പരിശോധനയിലാണ്. |
| (ബി) | പ്രസ്തുത സ്കീമിന്റെ നോഡൽ ഓഫീസർ ആരാണെന്ന് വ്യക്തമാക്കാമോ; | (ബി) | പെൻഷൻകാർക്ക് സമൂഹത്തിൽ ഉപയോഗപ്രദമായ ഇടപെടലുകൾക്കുള്ള അവസരങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച ഒരു പ്ലാറ്റ്ഫോം ആണ് 'സങ്കൽപ്' (SANKALP) (https://pensionersportal.gov.in/SANKALP/Index.asx). ആയത് ഒരു പെൻഷൻ സ്കീം അല്ല. ഇത് കേന്ദ്രസർക്കാരിന്റെ പെൻഷനും പെൻഷൻകാരുടെ |

ക്ഷേമവും എന്ന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്നു. പെൻഷൻകാർക്കും പെൻഷനേഴ്സ് അസോസിയേഷനുകൾക്കും സർക്കാരിതര സംഘടനകൾക്കും 'സങ്കൽപ്' പ്ലാറ്റ്ഫോമിൽ വിവിധ പദ്ധതികളിൽ സന്നദ്ധപ്രവർത്തനം നടത്തുന്നതിനായി രജിസ്റ്റർ ചെയ്യാം. ലഭ്യമായ സന്നദ്ധ പെൻഷൻകാരുടെ കൂട്ടത്തിൽ നിന്നും അനുയോജ്യമായ വൈദഗ്ധ്യവും പരിചയസമ്പത്തുമുള്ള പെൻഷൻകാരെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് തെരഞ്ഞെടുക്കാൻ സൗകര്യമൊരുക്കുന്നു. കേന്ദ്ര സർക്കാർ സിവിൽ പെൻഷൻകാർ, ഡിഫൻസ് സിവിലിയൻമാർക്കും ഡിഫൻസ് റിട്ടയേർസിനും സങ്കൽപിന് കീഴിൽ രജിസ്ട്രേഷന് അർഹതയുണ്ട്. നിലവിൽ കേരളത്തിൽ നിന്നും 60 പെൻഷൻകാരും 2 അസോസിയേഷനും പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നുള്ള വിവരം പ്രസ്തുത വെബ്സൈറ്റിൽ നിന്നും അറിയാൻ കഴിഞ്ഞു. ഈ പ്ലാറ്റ്ഫോം പൂർണ്ണമായും ഒരു കേന്ദ്ര സ്കീം ആയതിനാൽ അതിൽ പെൻഷൻകാരെ രജിസ്റ്റർ ചെയ്യിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുന്നതല്ല. കൂടാതെ, ഈ ആവശ്യത്തിനായി സംസ്ഥാന സർക്കാർ നോഡൽ ഓഫീസറെ നിയമിച്ചിട്ടില്ലാത്തതുമാണ്.

സമാന വിഷയത്തിൽ നാലാം സംസ്ഥാന ഭരണ പരിഷ്കാരകമ്മീഷന്റെ നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 7.2(i) ൽ ചുവടെ പറയും വിധം ശുപാർശയുണ്ടായിരുന്നു.

"അനുഭവപരിചയമുള്ളവർ സമൂഹത്തിന്റെ മുതൽക്കൂട്ടാണ്. കേരളത്തിലെ ശരാശരി ആയുർദൈർഘ്യം 74.9 വർഷമാണ്. മിക്ക സർക്കാർ ജീവനക്കാരും 56 വയസ്സിൽ സർവീസിൽ നിന്ന് വിരമിക്കുന്നു, ഇത് ഇന്ത്യയിലെവിടെയും ജീവനക്കാർക്ക് ഏറ്റവും കുറഞ്ഞ പ്രായമാണ്. 56 വയസ്സിൽ, വിരമിച്ചവർക്ക് ഇപ്പോഴും പൊതു സേവനത്തിൽ വളരെ സജീവമായ പങ്കു വഹിക്കാനുള്ള കഴിവും അനുഭവവുമുണ്ട്. സർക്കാർ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നതിൽ തങ്ങളുടെ വൈദഗ്ധ്യം സംഭാവന ചെയ്യാൻ താൽപ്പര്യമുള്ള വിരമിച്ച ജീവനക്കാരെ പ്രോത്സാഹിപ്പിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഇതിനായി വിരമിച്ച ജീവനക്കാരുടെ ഒരു 'pool' രൂപീകരിക്കാം. അവർക്ക് ഓണറേറിയം നൽകും."

ടി ശുപാർശ പരിശോധിച്ച് ധനകാര്യ വകുപ്പ് ചുവടെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തിയിരുന്നു.

കേരള സർക്കാരിന്റെ പെൻഷന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനമായ പ്രിസം (PRISM) സോഫ്റ്റ് വെയറിൽ വിരമിക്കുന്ന ഓരോ ജീവനക്കാരന്റെയും അടിസ്ഥാന വിവരം ഉള്ളതിനാൽ,

| | | | |
|---|---|---|---|
| | | | ആയതിൽ ഒരു ഷെഡ്യൂൾ കൂടി ഉൾപ്പെടുത്തിയാൽ താൽപ്പര്യമുള്ള വിരമിക്കുന്ന ജീവനക്കാരന് തന്റെ അനുഭവവും വൈദഗ്ധ്യവും അവരുടെ കരിയറിലെ നാഴികക്കല്ലുകളും രേഖപ്പെടുത്തി നൽകാൻ കഴിയും. നിലവിൽ വിരമിച്ച ജീവനക്കാർക്ക് മേൽ വിവരങ്ങൾ പ്രസ്തുത ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിന് ഓൺലൈനായി സൗകര്യങ്ങൾ നൽകണം. ഈ ഷെഡ്യൂളുകൾ സംയോജിപ്പിച്ച് ഒരു ഡാറ്റാബേസ് സൃഷ്ടിച്ചാൽ, അത് അടിയന്തര ഘട്ടങ്ങളിൽ ഉപയോഗിക്കാവുന്ന ഉദ്യോഗസ്ഥരുടെ പൂളായി പ്രവർത്തിക്കും. കൂടാതെ, ഏതെങ്കിലും പെൻഷൻകാരനെ ഏതെങ്കിലും സ്കീമിലോ പ്രോജക്റ്റിലോ ടിയാളുടെ വൈദഗ്ധ്യമോ അനുഭവസമ്പത്തോ ആവശ്യമുള്ളപക്ഷം ടിയാനെ ദിവസ വേതനത്തിലോ കരാർ അടിസ്ഥാനത്തിലോ പുനർനിയമന വേതനത്തിലോ നിയമിക്കുന്നതിന് സർക്കാറിന് ഈ ഡാറ്റാബേസും പരിഗണിക്കാവുന്നതാണ്.<br><br>പ്രസ്തുത വിഷയം ഇപ്പോൾ ഉദ്യോഗസ്ഥ ഭരണപരിഷ്കാര കമ്മീഷന്റെ പരിശോധനയിലാണ്. |
| (സി) | പ്രസ്തുത ഉദ്യോഗസ്ഥനെ നിയോഗിച്ച് കൊണ്ടുള്ള ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | പെൻഷൻകാർക്ക് സമൂഹത്തിൽ ഉപയോഗപ്രദമായ ഇടപെടലുകൾക്കുള്ള അവസരങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച ഒരു പ്ലാറ്റ്ഫോം ആണ് 'സങ്കൽപ്' (SANKALP) (https://pensionersportal.gov.in/SANKALP/Index.asx). ആയത് ഒരു പെൻഷൻ സ്കീം അല്ല. ഇത് കേന്ദ്രസർക്കാരിന്റെ പെൻഷനും പെൻഷൻകാരുടെ ക്ഷേമവും എന്ന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്നു. പെൻഷൻകാർക്കും പെൻഷനേഴ്സ് അസോസിയേഷനുകൾക്കും സർക്കാരിതര സംഘടനകൾക്കും 'സങ്കൽപ്' പ്ലാറ്റ്ഫോമിൽ വിവിധ പദ്ധതികളിൽ സന്നദ്ധപ്രവർത്തനം നടത്തുന്നതിനായി രജിസ്റ്റർ ചെയ്യാം. ലഭ്യമായ സന്നദ്ധ പെൻഷൻകാരുടെ കൂട്ടത്തിൽ നിന്നും അനുയോജ്യമായ വൈദഗ്ധ്യവും പരിചയസമ്പത്തുമുള്ള പെൻഷൻകാരെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് തെരഞ്ഞെടുക്കാൻ സൗകര്യമൊരുക്കുന്നു. കേന്ദ്ര സർക്കാർ സിവിൽ പെൻഷൻകാർ, ഡിഫൻസ് സിവിലിയൻമാർക്കും ഡിഫൻസ് റിട്ടയേർസിനും സങ്കൽപിന് കീഴിൽ രജിസ്ട്രേഷന് അർഹതയുണ്ട്. നിലവിൽ കേരളത്തിൽ നിന്നും 60 പെൻഷൻകാരും 2 അസോസിയേഷനും പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നുള്ള വിവരം പ്രസ്തുത വെബ്സൈറ്റിൽ നിന്നും അറിയാൻ കഴിഞ്ഞു. ഈ പ്ലാറ്റ്ഫോം പൂർണ്ണമായും ഒരു കേന്ദ്ര സ്കീം ആയതിനാൽ അതിൽ പെൻഷൻകാരെ രജിസ്റ്റർ ചെയ്യിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുന്നതല്ല. കൂടാതെ, ഈ ആവശ്യത്തിനായി |

സംസ്ഥാന സർക്കാർ നോഡൽ ഓഫീസറെ നിയമിച്ചിട്ടില്ലാത്തതുമാണ്.

സമാന വിഷയത്തിൽ നാലാം സംസ്ഥാന ഭരണ പരിഷ്കാരകമ്മീഷന്റെ നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 7.2(i) ൽ ചുവടെ പറയും വിധം ശുപാർശയുണ്ടായിരുന്നു.

“അനുഭവപരിചയമുള്ളവർ സമൂഹത്തിന്റെ മുതൽക്കൂട്ടാണ്. കേരളത്തിലെ ശരാശരി ആയുർദൈർഘ്യം 74.9 വർഷമാണ്. മിക്ക സർക്കാർ ജീവനക്കാരും 56 വയസ്സിൽ സർവീസിൽ നിന്ന് വിരമിക്കുന്നു, ഇത് ഇന്ത്യയിലെവിടെയും ജീവനക്കാർക്ക് ഏറ്റവും കുറഞ്ഞ പ്രായമാണ്. 56 വയസ്സിൽ, വിരമിച്ചവർക്ക് ഇപ്പോഴും പൊതു സേവനത്തിൽ വളരെ സജീവമായ പങ്കു വഹിക്കാനുള്ള കഴിവും അനുഭവവുമുണ്ട്. സർക്കാർ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നതിൽ തങ്ങളുടെ വൈദഗ്ധ്യം സംഭാവന ചെയ്യാൻ താൽപ്പര്യമുള്ള വിരമിച്ച ജീവനക്കാരെ പ്രോത്സാഹിപ്പിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഇതിനായി വിരമിച്ച ജീവനക്കാരുടെ ഒരു 'pool' രൂപീകരിക്കാം. അവർക്ക് ഓണറേറിയം നൽകും."

ടി ശുപാർശ പരിശോധിച്ച് ധനകാര്യ വകുപ്പ് ചുവടെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തിയിരുന്നു.

കേരള സർക്കാരിന്റെ പെൻഷന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനമായ പ്രിസം (PRISM) സോഫ്റ്റ് വെയറിൽ വിരമിക്കുന്ന ഓരോ ജീവനക്കാരന്റെയും അടിസ്ഥാന വിവരം ഉള്ളതിനാൽ, ആയതിൽ ഒരു ഷെഡ്യൂൾ കൂടി ഉൾപ്പെടുത്തിയാൽ താൽപ്പര്യമുള്ള വിരമിക്കുന്ന ജീവനക്കാരന് തന്റെ അനുഭവവും വൈദഗ്ധ്യവും അവരുടെ കരിയറിലെ നാഴികക്കല്ലുകളും രേഖപ്പെടുത്തി നൽകാൻ കഴിയും. നിലവിൽ വിരമിച്ച ജീവനക്കാർക്ക് മേൽ വിവരങ്ങൾ പ്രസ്തുത ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിന് ഓൺലൈനായി സൗകര്യങ്ങൾ നൽകണം. ഈ ഷെഡ്യൂളുകൾ സംയോജിപ്പിച്ച് ഒരു ഡാറ്റാബേസ് സൃഷ്ടിച്ചാൽ, അത് അടിയന്തര ഘട്ടങ്ങളിൽ ഉപയോഗിക്കാവുന്ന ഉദ്യോഗസ്ഥരുടെ പൂളായി പ്രവർത്തിക്കും. കൂടാതെ, ഏതെങ്കിലും പെൻഷൻകാരനെ ഏതെങ്കിലും സ്കീമിലോ പ്രോജക്റ്റിലോ ടിയാളുടെ വൈദഗ്ധ്യമോ അനുഭവസമ്പത്തോ ആവശ്യമുള്ളപക്ഷം ടിയാനെ ദിവസ വേതനത്തിലോ കരാർ അടിസ്ഥാനത്തിലോ പുനർനിയമന വേതനത്തിലോ നിയമിക്കുന്നതിന് സർക്കാറിന് ഈ ഡാറ്റാബേസും പരിഗണിക്കാവുന്നതാണ്.

പ്രസ്തുത വിഷയം ഇപ്പോൾ ഉദ്യോഗസ്ഥ ഭരണപരിഷ്കാര കമ്മീഷന്റെ പരിശോധനയിലാണ്.

സെക്ഷൻ ഓഫീസർ